ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി

142 [2578] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിൽ ആയുർവേദ ഡിസ്പെൻസറി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഇത് എന്നുമുതൽ പ്രവർത്തനമാരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ഈ സാമ്പത്തിക വർഷം കുന്ദമംഗലം നിയോജക മണ്ഡലത്തിൽ പുതുതായി ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നില്ല. സ്ഥലം, കെട്ടിടം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ തയ്യാറുള്ള പഞ്ചായത്തുകളിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും, ബജറ്റിൽ വകയിരുത്തുന്ന തുകയും കണക്കിലെടുത്താണ് പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നത്.

സംസ്ഥാനത്ത് ആയുർവേദ യൂണിവേഴ്സിറ്റി സ്ഥാപിക്കുവാനുള്ള നിർദ്ദേശം

143 [2579] *ശ്രീ. ഇ. എം. അഗസ്തി:*
,, *വി. ജെ. പൗലോസ്:*
,, *വി. ഡി. സതീശൻ:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:*
,, *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ആയുർവേദ യൂണിവേഴ്സിറ്റി സ്ഥാപിക്കുവാനുള്ള നിർദ്ദേശം എന്നാണ് ഉണ്ടായത്;

(ബി) ഇതുവരെ സംസ്ഥാനത്ത് ഒരു ആയുർവേദ സർവ്വകലാശാല സ്ഥാപിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു; സംസ്ഥാനത്ത് ഒരു ആയുർവേദ സർവ്വകലാശാല സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 9-8-2001-ൽ

(ബി) സംസ്ഥാനത്ത് ഒരു ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുവാനുള്ള നിർദ്ദേശം 9-8-2001-ൽ അന്നത്തെ കേരള മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അന്നത്തെ പ്രധാനമന്ത്രി ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ മുന്നോട്ടു വയ്ക്കുകയുണ്ടായി. ഇതനുസരിച്ച് 31-12-2002-ൽ പ്രൊപ്പോസൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ ടി പ്രൊപ്പോസലിനെ അടിസ്ഥാനപ്പെടുത്തി ജോയിന്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടുകയും ആയുർവേദ സൊസൈറ്റി കോട്ടയ്ക്കലിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്തു. തുടർന്ന് കോട്ടയ്ക്കൽ ആയുർവേദ സൊസൈറ്റിക്ക് സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ 10-ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുകയും ചെയ്തു.

ആയുർവേദ സിദ്ധ-യുനാനി ലബോറട്ടറികളുടെ അംഗീകാരം

144 [2580] *ശ്രീ. വി. സി. കബീർ:* താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ എത്ര ആയുർവേദ സിദ്ധ-യുനാനി ലബോറട്ടറികളുണ്ടെന്നും ഇതിന് അംഗീകാരം നൽകുന്നത് ആരാണെന്നും വിശദമാക്കാമോ?

ഉത്തരം

ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് റൂൾസ് പ്രകാരം 1 ലബോറട്ടറിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന ആയുർവേദ സിദ്ധ-യുനാനി ലൈസൻസിംഗ് അതോറിറ്റിയാണ് അംഗീകാരം നൽകുന്നത്.

ആയുർവേദ/ഹോമിയോ രംഗത്ത് ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

145 [2581] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആയുർവേദ/ഹോമിയോ രംഗത്ത് എത്ര തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട് എന്ന് കാറ്റഗറി തിരിച്ചു വ്യക്തമാക്കാമോ; ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

GPM. 2/588/2012—22

LIBRARY ARCHIVES Kerala Legislative Assembly